**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **16-03-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. എസ്.പി.സി പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിലോ ഹയർസെക്കന്ററി വിഭാഗത്തിലോ കുറഞ്ഞത് 500 വിദ്യാർത്ഥികളെങ്കിലും ഉണ്ടായിരിക്കണം. 2. അദ്ധ്യാപക രക്ഷാകർതൃ സമിതി വളരെ സജീവമായി പ്രവർത്തിക്കുന്ന സ്കൂൾ ആയിരിക്കണം 3. ശിശു സൗഹാർദ്ദപരമായ മനോഭാവവും സന്നദ്ധതയും ഉള്ള രണ്ട് അദ്ധ്യാപകരെ സ്കൂളിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് നിയോഗിക്കേണ്ടതും പ്രസ്തുത അദ്ധ്യാപകർ 50 വയസ്സിൽ താഴെ ഉള്ളവരും ശാരീരിക ക്ഷമത ഉള്ളവരും ആയിരിക്കണം (പെൺകുട്ടികളുള്ള സ്കൂൾ ആണെങ്കിൽ അദ്ധ്യാപകരിൽ ഒരാൾ വനിത ആയിരിക്കണം) 4. സ്കൂളിൽ കായിക പരിശീലനത്തിന് (പരേഡ് & PT) ആവശ്യമായ ഗ്രൗണ്ട് ഉണ്ടായിരിക്കണം 5. SPC പ്രോജക്ട് ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് യൂണിഫോം മാറാനുള്ള സൗകര്യം തുടങ്ങിയവ ഉണ്ടായിരിക്കണം. |
| (ബി) | നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 1. GHSS കൊടുവായൂർ 2. GHS തിരുവഴിയാട് 3. GGHSS നെന്മാറ 4. GB HSS നെന്മാറ 5. MHS പുതുനഗരം 6. GHSS മുതലമട 7. VMHSS വടവന്നൂർ |
| (സി) | മണ്ഡലത്തിലെ മുഴുവൻ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിലും യൂണിറ്റ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് ഘട്ടം ഘട്ടമായാണ് കൂടുതൽ സ്കൂളുകളിൽ എസ്.പി.സി യൂണിറ്റുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ